ഓഹരി വിപണി

| | | | |
|---|---|---|---|
| 127.87 | ↑ | സെൻസെക്സ് | 37684.03 |
| 23.15 | ↑ | നിഫ്ടി | 11383.95 |

സ്വർണം

| | |
|---|---|
| പവൻ (8ഗ്രാം) | 22,000 |
| ഒരു ഗ്രാം | 2750 |

# ബാങ്കിംഗ് രംഗത്തെ വിപ്ലവത്തിൽ കാഠിന്യമേറി തൊഴിൽ ജീവിതം



കൊച്ചി: ഡിജിറ്റൽ വിപ്ലവത്തിന്റെ ട്രാക്കിൽ കുതിക്കുകയാണ് ഇന്ത്യൻ ബാങ്കിംഗ് രംഗം. ഉപഭോക്തൃ സേവനം സുഗമമാക്കാനും ബാങ്കിംഗ് ജോലികളുടെ ആയാസം കുറയ്ക്കാനും ഡിജിറ്റൽ മുന്നേറ്റം സഹായിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും, സംഭവിച്ചത് നേരെ മറിച്ച്. 'ആകർഷക ജോലി' എന്നതിൽ നിന്ന് ബാങ്ക് ജോലി ഇപ്പോൾ 'കഠിനജോലി' ആയി മാറി.

കിട്ടാക്കട വർദ്ധനമൂലം ബാങ്കുകളുടെ മൂലധന പ്രതിസന്ധി രൂക്ഷമായതും വരുമാനം ഇടിഞ്ഞതുമാണ് ബാങ്കിംഗ് രംഗത്തെ തൊഴിലിന്റെ 'സ്വഭാവം' മാറ്റിമറിച്ചത്. നേരത്തേ, ജീവനക്കാർക്ക് ബാങ്കിംഗ് ജോലി മാത്രം ചെയ്ത് നേരം ഇരുട്ടും മുമ്പ് വീട്ടിലേക്ക് മടങ്ങാമായിരുന്നു. ഇപ്പോൾ വരുമാന വർദ്ധനയ്ക്കായി മറ്റ് മാർഗങ്ങളും തേടിയിരിക്കുകയാണ് ബാങ്കുകൾ. ഇൻഷ്വറൻസ് പോളിസി വിതരണം, മ്യൂച്വൽഫണ്ടിൽ ആളെച്ചേർക്കൽ തുടങ്ങിയ ജോലികളും ചെയ്യണം. ഇതിന് 'ടാർഗറ്റ്' പോലുമുണ്ട്. ചില ബാങ്കുകൾ ആധാർ എൻറോൾമെന്റ് സെന്റർ കൂടിയാണെന്നതും ജോലിഭാരം കൂട്ടി. ഫലത്തിൽ, മാനേജർമാർ ഇപ്പോൾ വീട്ടിലേക്ക് മടങ്ങുന്നത് രാത്രി വൈകി.

## മാനഹാനി വരുത്തി മല്ല്യയും നീരവ് മോദിയും

കിട്ടാക്കടം എങ്ങനെയും തിരിച്ചുപിടിക്കാനുള്ള കഠിനയജ്ഞത്തിലാണ് ബാങ്കുകൾ. ഇതിനായി, ജീവനക്കാരെ ഉപഭോക്താക്കളുടെ അടുക്കലേക്ക് നേരിട്ടയച്ച് ബോധവത്കരണ പരിപാടികൾ പോലും സംഘടിപ്പിക്കുന്നു. എന്നാൽ, ചെറിയ തുക വായ്പ എടുത്ത് കുടിശികയാക്കുന്നവരെ സമീപിച്ചാലും അവരിൽ നിന്ന് ജീവനക്കാർക്ക് കിട്ടുന്ന മറുപടി 'മല്ല്യയെയും നീരവ് മോദിയെയും 'പിടിച്ചിട്ട് വാ' എന്നാണ്. മിനിമം ബാലൻസ് സൂക്ഷിക്കാത്തവരിൽ നിന്ന് 2016-17ൽ മാത്രം ബാങ്കുകൾ പിഴയായി ഈടാക്കിയ മൊത്തം തുക 5,000 കോടി രൂപയാണ്. എ.ടി.എം ഇടപാട്, മറ്റ് സേവന നിരക്കുകൾ എന്നിങ്ങനെ നേരിട്ടും അല്ലാതെയും വൻതുക ബാങ്കുകൾ പിടിക്കുന്നുണ്ട്. ഇതിനെല്ലാം ഉപഭോക്താക്കൾക്ക് മറുപടി പറയേണ്ട ബാദ്ധ്യത ബാങ്ക് ജീവനക്കാർക്കാണ്.

## ആശങ്കയായി ജോലിസ്ഥിരത

ന്യൂ ജനറേഷൻ ബാങ്കുകളാണ് ബാങ്കിംഗ് ജോലിയുടെ 'സ്വഭാവ മാറ്റത്തിൽ' മുൻപന്തിയിലുള്ളത്. ജീവനക്കാർക്ക് ടാർഗറ്റ് നൽകാൻ മത്സരിക്കുകയാണ് ഈ ബാങ്കുകൾ. ടാർഗറ്റ് നേടാത്തവരെ നിഷ്കരുണം പിരിച്ചുവിടുന്നു. മുന്തിയപങ്കും 'കരാർ ജോലിക്കാർ' ആയതിനാൽ പിരിച്ചുവിടൽ ഈസിയാണ്.

## ഡിജിറ്റൽ കുതിപ്പ്, ജോലിയിൽ കിതപ്പ്

ഈവർഷം മേയിൽ ഇന്ത്യയിൽ നടന്ന ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് അധിഷ്ഠിത പണമിടപാടുകളുടെ മൂല്യം 93,860 കോടി രൂപയാണ്. വരും മാസങ്ങളിൽ ഇത് ഒരുലക്ഷം കോടി കടക്കുമെന്നാണ് റിസർവ് ബാങ്കിന്റെ വിലയിരുത്തൽ. ഇത്തരത്തിൽ ഡിജിറ്റൽ പണം കൈമാറ്റങ്ങളുടെ എണ്ണം ഓരോ മേഖലയിലും കൂടുകയാണ്. എന്നിട്ടും ബാങ്ക് ജീവനക്കാരുടെ ജോലി ഭാരം വർദ്ധിക്കുന്നു. ബാങ്ക് ശാഖകൾ കേന്ദ്രീകരിച്ചുള്ള ഇടപാടുകൾ ആനുപാതികമായി കുറഞ്ഞില്ലെന്നതാണ് ഇതിന് കാരണം.

## വേതന പരിഷ്കരണം നീളുന്നു

ജോലിഭാരം കൂടിയെങ്കിലും വേതനം കൂടിയില്ലെന്ന നിരാശയും ജീവനക്കാർക്കുണ്ട്. വേതന വർദ്ധന ആവശ്യപ്പെട്ട് ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനുമായി (ഐ.ബി.എ) യുണൈറ്റഡ് ഫോറം ഒഫ് ബാങ്ക് യൂണിയൻ (യു.എഫ്.ബി.യു) ഭാരവാഹികൾ പലവട്ടം ചർച്ച നടത്തിയിട്ടും സമവായമായിട്ടില്ല. 2017 നവംബറിൽ ബാങ്ക് ജീവനക്കാരുടെ വേതനം പരിഷ്കരിക്കേണ്ടതായിരുന്നു. ഈ മാസം 28ന് വീണ്ടും ചർച്ചയുണ്ട്.

## മാനേജ്മെന്റുകളുടെ കാഴ്ചപ്പാട്

"ബിസിനസ് വിപുലീകരിച്ച്, വരുമാനം ഉയർത്താനും മൂലധന പ്രതിസന്ധി മറികടക്കാനുമാണ് ബാങ്കുകൾ ഇപ്പോൾ ശ്രമിക്കുന്നത്. പരമ്പരാഗത രീതിയിൽ നിന്ന് പുത്തൻ സ്വഭാവത്തിലേക്ക് ജോലി പരിവർത്തനം ചെയ്യപ്പെടുമ്പോഴുണ്ടാകുന്ന താത്കാലിക 'കാഠിന്യ'മാണ് ബാങ്കിംഗ് ജോലിയിൽ ഇപ്പോഴുള്ളത്. ഏതാനും വർഷം കൂടി ഇത് നിലനിന്നേക്കും. പിന്നീട്, സ്ഥിരത കൈവരിക്കുന്നതോടെ പ്രതിസന്ധി മാറും"

# ഗോദ്റെജിന്റെ പോസ്ചർ സപ്പോർട്ട് കിടക്കകൾ വിപണിയിൽ

കൊച്ചി: സുഖകരമായ നിദ്രാനുഭവം സമ്മാനിക്കുന്ന പോസ്ചർ സപ്പോർട്ട് കിടക്കകൾ ഗോദ്റെജ് ഇന്റീരിയോ വിപണിയിലിറക്കി. മലർന്നോ ചരിഞ്ഞോ അങ്ങനെ ഏത് രീതിയിൽ ഉറങ്ങുമ്പോഴും ശരീരത്തിന് മികച്ച സപ്പോർട്ട് നൽകുകയും ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുകയും ചെയ്യുന്ന നവീന സാങ്കേതിക വിദ്യയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്.

കിടക്കുന്നയാളുടെ ഭാരത്തിന് യോജിച്ച തരത്തിലാണ് ഇവയുടെ നിർമ്മാണമെന്ന് ഗോദ്റെജ് ഇന്റീരിയോ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അനിൽ മാഥുർ പറഞ്ഞു. സ്ലീപ് എസൻഷ്യൽ, സ്ലീപ് കംഫർട്ട് വേരിയന്റുകളാണുള്ളത്. വില 15,000 രൂപ മുതൽ 45,000 രൂപവരെ. ഗോദ്റെജ് ഇന്റീരിയോയുടെ മൊത്തം ബിസിനസിൽ പത്ത് ശതമാനം കേരളത്തിൽ നിന്നാണെന്നും അദ്ദേഹം പറഞ്ഞു.




*ഗോദ്റെജ് ഇന്റീരിയോയുടെ പോസ്ചർ സപ്പോർട്ട് കിടക്കകൾ സി.ഒ.ഒ അനിൽ മാഥുർ വിപണിയിലിറക്കുന്നു.*

# രാജ്യത്തെ മികച്ച ബ്രാൻഡാകാൻ ഡയമണ്ട് സിമന്റ്



*ടി.കെ. ജാഫർ സനൽ, സി.ഇ.ഒ ആൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ, ഡയമണ്ട് സിമന്റ്*

DIAMOND CEMENT
The people's choice

പാലക്കാട്: അനുദിനം വളരുകയാണ് രാജ്യത്തെ നിർമ്മാണ മേഖല. മറ്റേതൊരു മേഖലയെയും പോലെ മത്സരാധിഷ്ഠിത സ്വഭാവം നിർമ്മാണ രംഗത്തും നിഴലിക്കുന്നു. കമ്പോളത്തിന്റെ ചലനങ്ങൾ അതത് സന്ദർഭങ്ങളിൽ ഒപ്പിയെടുക്കുന്നവർക്കാണ് ഇവിടെ അന്തിമ വിജയം. നിർമ്മാണ രംഗത്തെ വിജയസാന്നിദ്ധ്യമായി മാറാൻ ഡയമണ്ട് സിമന്റിന് കഴിഞ്ഞതിനു പിന്നിലെ കാരണവും മറ്റൊന്നല്ല. മാർക്കറ്റിന്റെ സാദ്ധ്യത നോക്കിയുള്ള മാനേജ്മെന്റിന്റെ ദീർഘദർശനം വിപ്ലവകരമായ കുതിച്ചുചാട്ടമാണ് കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ കമ്പനിക്ക് സമ്മാനിച്ചത്.

അത്യാധുനിക നിർമ്മാണ പ്ലാന്റും നവീന ഉത്പാദന രീതികളുമായി ദക്ഷിണേന്ത്യയിലെ തന്നെ കരുത്തായ സാന്നിദ്ധ്യമായി മാറി കഞ്ചിക്കോട് നിന്നുത്പാദിപ്പിക്കുന്ന ഡയമണ്ട് സിമന്റ്. 1994ൽ ആരംഭിച്ച മലമ്പുഴ സിമന്റ്സ് ആൻഡ് കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന നിർമ്മാണ കമ്പനിയാണ് രണ്ട് പതിറ്റാണ്ടിന് ശേഷം 2014ൽ ഡയമണ്ട് സിമന്റ് എന്ന പേരിൽ അടിമുടി പരിഷ്കരിക്കപ്പെട്ടത്.

വർഷങ്ങളായി മേഖലയിലുള്ള അറിവും പരിചയും നിമിത്തം വിതരണക്കാരിൽ നിന്ന് നിർമ്മാതാക്കളിലേക്ക് ചുവടുമാറിയ തിരുവില്വാമല സ്വദേശിയായ തവക്കൽ ടി.കെ. ഇസ്മയിലിന്റെയും മകൻ ജാഫർ സനലിന്റെയും നേതൃപാടവമാണ് ഡയമണ്ട് സിമന്റിന്റെ മുതൽക്കൂട്ട്. ടി.കെ. ഇസ്മയിലാണ് കമ്പനി മാനേജിമഗ് ഡയറക്ടർ. ടി.കെ. ജാഫർ സനലാണ് സി.ഇ.ഒയും എക്സിക്യൂട്ടീവ് ഡയറക്ടറും. കമ്പനിയിൽ പങ്കാളിത്തമുള്ള മുഹമ്മദ് ബഷീറാണ് ചെയർമാൻ. സഹോദരൻ അബ്ദുൾ സലീമും കമ്പനിയുടെ ഡയറക്ടറാണ്.

നിരന്തര ഗവേഷണത്തെയും വികസന പ്രവർത്തനങ്ങളെയും തുടർന്ന് കമ്പനി പൂർണമായും ഓട്ടോമൈസ്ഡും കമ്പ്യൂട്ടറൈസ്ഡുമാക്കി ഉത്പാദനം കൂട്ടി ഡയമണ്ട് സിമന്റ് എന്ന ബ്രാൻഡ് നാമത്തിൽ സിമന്റ് പുറത്തിറക്കി. പോർട്ട്‌ലാന്റ് പോസോലന സിമന്റാണ് (പി.പി.സി) കമ്പനി നിർമ്മിക്കുന്നത്. കോൺക്രീറ്റിന് ഉപയോഗിക്കുന്ന കമ്പി തുരുമ്പിക്കാതെയും സീലിംഗിലും ഭിത്തിയിലും വിള്ളലുകളുണ്ടാകാതെയും സംരക്ഷണ കവചമൊരുക്കുന്ന ഡയമണ്ട് സിമന്റ് ദീർഘകാലം ഈടുനിൽക്കുന്ന മിശ്രണ രീതിയാണ് അവലംബിച്ചിരിക്കുന്നതെന്ന് ടി.കെ. ജാഫർ സനൽ പറയുന്നു. ഇതുമൂലം വൻകിട കെട്ടിട സമുച്ചയങ്ങൾക്കും മേൽപ്പാലങ്ങൾക്കും പുറമേ കടലിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വരെ ഏറെ അനുയോജ്യമായ ഉത്പന്നമാണിത്.

ഐ.എസ്.ഐ മാനദണ്ഡങ്ങളെല്ലാം പാലിക്കുന്ന നമ്പർ വൺ ഗ്രേഡ് സിമന്റ് ആയ ഡയമണ്ട് പെട്ടെന്ന് സെറ്റാകുന്നതിനാൽ കെട്ടിടങ്ങൾക്ക് മികച്ച ഫിനിഷിംഗ് ഉറപ്പാക്കുന്നു. കേരളത്തിലും തമിഴ്നാട്ടിലുമായി വിപുലമായ വിതരണ ശൃംഖലയാണ് ചുരുങ്ങിയ കാലം കൊണ്ട് കമ്പനി നേടിയത്. സാധാരണക്കാർക്ക് താങ്ങാവുന്ന വിലയിൽ ഗുണമേന്മയുള്ള ഉത്പന്നം പുറത്തിറക്കാനാകുന്നതിനാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ രാജ്യത്തെ മികച്ച ബ്രാൻഡുകളിലൊന്നായി ഡയമണ്ട് സിമന്റ് മാറുമെന്ന ഉറച്ച വിശ്വാസത്തിലാണ് സാരഥികൾ. ഇവരുടെ നേതൃത്വത്തിൽ ആരംഭിച്ച സയാൻ സിമന്റ്സ് എന്ന ആധുനിക പ്ലാന്റിൽ നിന്ന് മാസങ്ങൾക്കകം നവീന രീതിയിലുള്ള ഉത്പാദനം ആരംഭിക്കും. വെബ്സൈറ്റ്: www.diamondcements.com ടോൾഫ്രീ നമ്പർ: 1800 425 6059

# കമ്പോളനിലവാരം

### കോഴിക്കോട്

| | |
|---|---|
| വെളിച്ചെണ്ണ | 18500 |
| കൊപ്ര എടുത്തപടി | 11650 |
| കൊപ്ര റാസ് | 11250 |
| കൊപ്ര ദിൽപസന്ത് | 11750 |
| കൊപ്ര രാജപ്പൂർ | 18500 |
| കൊപ്ര ഉണ്ടൺണ്ട | 16500 |
| പിണ്ണാക്ക് റോട്ടറി | 2700 |
| പിണ്ണാക്ക് എക്സ്പ്ലർ | 2600 |
| നാളികേരം നാടൻ | |
| വടകര കൊട്ടതേങ്ങ | 4950 - 5450 |
| ചെറിയ കൊട്ടതേങ്ങ | 6950 - 7450 |
| വലിയ കൊട്ടതേങ്ങ | 8950 - 9950 |
| ചൂടി കൊയിലാൺണ്ടി - 1 | 9000 |
| ചൂടി കൊയിലാണ്ടണ്ടി - 2 | 8300 |
| ചൂടി ബേപ്പൂർ - 1 | 6500 |
| ചൂടി ബേപ്പൂർ - 2 | 6000 |
| കുരുമുളക് പുതിയത് | |
| നാടൻ | 31800 |
| ചേട്ടൻ | 32400 |
| വയനാടൻ | 33800 |
| ചുക്ക് പുതിയത് | 12200 - 14000 |
| മഞ്ഞൾ | 10000 |
| അടയ്ക്ക | |
| പഴയത് | 19500 - 20000 |
| പുതിയത് | 19000 - 19500 |
| ഏലം പച്ച | 950 - 1300 |
| ഏലം വെള്ള | |
| റബ്ബർ | 12650 |
| റബ്ബർ | 11700 |
| റബ്ബർ ഒട്ടുപാൽ | 9000 |
| ഉണക്ക കപ്പ തൃശ്ശൂർ | |
| ആന്ധ്ര | 2570 |

### കൊച്ചി

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 18,100 |
| വെളിച്ചെണ്ണ | 16,700 |
| കൊപ്ര | 11,130-11,800 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2300 |
| പിണ്ണാക്ക് റോട്ടറി | 3000 |
| കുരുമുളക് | |
| ചേറ്റാത്തത് | 33,900 |
| കുരുമുളക് പുതിയത് | 32,400 |
| കുരുമുളക് ചേറ്റിയത് | 35,900 |
| ചുക്ക് മീഡിയം | 14,000 |
| ചുക്ക് ബെസ്റ്റ് | 15,000 |
| മഞ്ഞൾ | 11,500 |
| സേലം-ഈറോഡ് | 8500-9000 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 18,000-19,000 |
| അടയ്ക്ക പഴയത് | ഇല്ല |
| പഞ്ചസാര | 3720 |
| വറ്റൽമുളക് | 10,800-15,800 |
| ഉഴുന്ന് | 6500-7200 |
| ചെറുപയർ | 7000-7600 |
| കടല | 4500-5400 |
| മുതിര | 4500 |
| എള്ള് | 11,000 |
| മല്ലി | 5,500-9,500 |
| പച്ചരി നമ്പർ-2 | 2900 |
| പുഴുക്കലരി (ജയ) | 3200 |
| ജാതിക്ക തൊണ്ടൻ | 180-200 |
| തൊണ്ടില്ലാത്തത് | 350-385 |
| ജാതിപത്രി | 475-650 |
| ഗ്രാമ്പു | 750 |
| പാംഓയിൽ | 6800 |
| റബർ | |
| ആർഎസ്എസ്4 | 13,100 |
| ആർഎസ്എസ്-5 | 12,500-12,900 |
| ഒട്ടുപാൽ | 9800 |
| ലാറ്റക്സ് | 6500 |

### കോട്ടയം

കമ്പോളനിലവാരം
വ്യാപാരി വില

| | |
|---|---|
| ആർ.എസ്.എസ്4 | 126.50 |
| ആർ.എസ്.എസ്5 | 124.50 |
| തരംതിരിക്കാത്തത് | 111 .00 |
| | 111.50 |
| ഒട്ടുപാൽ | 90 .00 |
| റബർ ബോർഡ് | |
| ആർ.എസ്.എസ്4 | 13050 |
| ആർ.എസ്.എസ്5 | 12850 |
| തരംതിരിക്കാത്തത് | 130 00 |
| ഒട്ടുപാൽ | 85 60 |
| ബാങ്കോക്ക് | |
| ആർ.എസ്.എസ്1 | 10462 |
| ആർ.എസ്.എസ്2 | 10339 |
| ആർ.എസ്.എസ്3 | 10226 |
| ആർ.എസ്.എസ്4 | 10164 |
| ആർ.എസ്.എസ്5 | 10071 |
| കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില) | |
| എസ്.എം.ആർ 20 | 9088 |
| | (132.00) |
| 60% ലാറ്റക്സ് | 71 09(103.30) |
| വെളിച്ചെണ്ണ | 194 .00 |
| കൊപ്ര | 1 34.00 |
| ശർക്കര (മറയൂർ) | 70. 00 |
| ശർക്കര (പാണ്ടി) | 48.0 0 |
| കാപ്പി | 12 4.00 |

### കണ്ണൂർ

| | |
|---|---|
| കൊപ്ര ക്വിന്റൽ | 1250 0 |
| വെളിച്ചെണ്ണ | |
| ടിൻ | 3270 |
| കിലോ | 221 |
| ലിറ്റർ | 20 7 |
| പിണ്ണാക്ക് ക്വിന്റൽ | 2800 |
| തേങ്ങ ക്വിന്റൽ | 3500 |

### തൃശ്ശൂർ

മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ | 1650 0 |
| കൊപ്ര | 11400 |
| തേങ്ങപിണ്ണാക്ക് | 220 0 |
| നല്ലെണ്ണ | 2225 |
| കടലെണ്ണ | 2 150 |
| കാംകോ | |
| പുതിയത് | 3800-4300 |
| പഴയത് | 3800-4300 |
| അമല | |
| പുതിയത് | 4 000-4399 |
| പഴയത് | 4000-4387 |
| രണ്ടാംതരം | 2 500-3050 |
| സ്വർണം | |
| കൊച്ചി (8ഗ്രാം) | 22,000 |
| ഒരുഗ്രാം | 2750 |
| വെള്ളി | |
| തിരുവനന്തപുരം | 44,440 |
| കൊച്ചി | 44,440 |

| SCRIP | BSE | NSE |
|---|---|---|
| ABB | 1143.100 | 1143.400 |
| Adani Power | 24.850 | 24.950 |
| ANDHARA BANK | 31.300 | 31.300 |
| APOLLOTYRE | 275.600 | 275.900 |
| AXISBANK | 540.800 | 540.350 |
| BAJAJAUTO | 2689.100 | 2684.150 |
| BALAJITELE | 110.300 | 110.750 |
| BANKOFBARODA | 126.250 | 126.300 |
| BATAIND | 900.900 | 904.000 |
| BEML | 754.900 | 755.650 |
| BFLSOFT | 1125.950 | 1127.400 |
| BHEL | 69.400 | 69.500 |
| BIOCON | 567.500 | 568.500 |
| BOI | 86.350 | 86.350 |
| BOMBDYE | 213.950 | 213.650 |
| BPCL | 389.800 | 389.700 |
| BPL | 48.200 | 48.000 |
| BRITANNIA | 6434.050 | 6435.950 |
| CANARABANK | 247.000 | 246.950 |
| CEAT | 1324.200 | 1324.250 |
| CIPLA | 633.500 | 634.100 |
| COLGATE | 1113.150 | 1112.150 |
| CORPBNK | 26.350 | 26.150 |
| CRANESOFT | 1.640 | 0.000 |
| CROMPGREV | 60.800 | 60.850 |
| D-LINK | 92.950 | 93.200 |
| DABUR | 373.250 | 373.900 |
| DENABANK | 14.350 | 14.450 |
| DIVIS LAB | 1079.250 | 1080.700 |
| DRREDDY | 2042.450 | 2041.700 |
| ESCORTS | 856.100 | 856.600 |
| FEDERALBNK | 87.900 | 87.850 |
| FINLXCABLE | 586.900 | 589.050 |
| GAIL | 358.750 | 358.800 |
| GARDEN SILK | 25.050 | 25.300 |
| GEOJIT | 79.150 | 79.800 |
| GESHIPP | 280.050 | 278.000 |
| GNFC | 405.800 | 406.350 |
| GODREJS | 1347.250 | 1347.350 |
| HARMALA | 85.350 | 85.150 |
| HCLINFO | 34.050 | 34.050 |
| HDFC | 1966.600 | 1966.850 |
| HDFCBNK | 2157.750 | 2156.450 |
| HEROHONDA | 3163.900 | 3165.450 |
| HINDALCO | 196.500 | 196.150 |
| HINDLEVER | 1686.600 | 1689.650 |
| HINDMOT | 6.850 | 6.900 |
| HINDUJAFUN | 561.400 | 555.000 |
| HMCHLFUT | 25.400 | 25.400 |
| HOTLLEELA | 14.850 | 14.850 |
| HPCL | 278.550 | 278.900 |
| HUGHSTELE | 4.110 | 4.100 |
| I-FLEX | 3863.100 | 3888.050 |
| ICICIBANK | 274.850 | 275.550 |
| IDBI | 57.600 | 57.600 |
| INDHOTEL | 128.300 | 128.450 |
| INDIACEM | 106.950 | 107.000 |
| INDITRADE | 66.950 | 0.000 |
| INFOSYS | 1355.750 | 1355.950 |
| INFOTECH ENT | 711.200 | 712.650 |
| IOB | 13.630 | 13.700 |
| IOC | 162.250 | 162.500 |
| ITC | 283.850 | 284.150 |
| Jindal Cotex Ltd | 6.940 | 6.600 |
| KALECONSULT | 1053.250 | 1039.500 |
| KARUR VYSYA BANK | 99.100 | 98.650 |
| KOPRAN | 47.900 | 47.900 |
| KOTAKM | 1336.200 | 1337.050 |
| L&T | 1279.500 | 1279.150 |
| LICHSGFIN | 521.200 | 521.400 |
| LUPINCHEM | 799.800 | 800.100 |
| LYKALAB | 36.500 | 36.300 |
| M&M | 907.700 | 910.400 |
| MAHABANK | 11.930 | 11.950 |
| Mahindra Holidays | 292.200 | 293.450 |
| MARUTI | 9697.150 | 9701.000 |
| MAXIND | 454.200 | 453.700 |
| MCDOWEL | 579.250 | 579.300 |
| MELSTAR | 1.870 | 0.000 |
| MIDDAY | 18.100 | 18.200 |
| MOSERBEAR | 1.950 | 1.850 |
| MRF | 77753.000 | 77782.500 |
| MROTECH | 38.300 | 37.600 |
| MTNL | 14.800 | 14.800 |
| MUKTAARTS | 40.650 | 41.150 |
| NAICHOLAS | 2546.850 | 2551.750 |
| NATHSEED | 0.000 | 6.700 |
| NEYBELI | 70.400 | 70.300 |
| NHPC Ltd | 23.200 | 23.250 |
| NIIT | 91.200 | 91.000 |
| NTPC | 158.150 | 158.150 |
| OBC | 73.000 | 72.800 |
| Oil India Ltd (OIL) | 205.700 | 205.500 |
| ONGC | 156.500 | 156.550 |
| ONWARDTECI | 71.650 | 71.900 |
| ORCHIDCHEM | 6.960 | 6.850 |
| PANACEABIO | 215.050 | 214.300 |
| PENTSOFT | 0.370 | 0.000 |
| PETRONET | 208.150 | 208.950 |
| PFIZER | 2543.100 | 2552.550 |
| Pipavav Shipyard | 12.170 | 12.100 |
| POLARIS | 474.750 | 474.650 |
| PRYACEM | 179.600 | 180.250 |
| PTC | 69.700 | 69.700 |
| RAMCOSYS | 349.650 | 347.100 |
| RELCAP | 363.050 | 364.200 |
| RELIANCE | 1120.150 | 1120.300 |
| ROLTA | 33.150 | 33.050 |
| RUBFILA INTL [BSE] | 59.950 | 0.000 |
| SAB | 5.460 | 5.450 |
| SAIL | 72.600 | 72.600 |
| SARIGAMA | 677.350 | 679.600 |
| SBI | 266.400 | 266.350 |
| SCI | 58.900 | 58.850 |
| SIB | 18.600 | 18.500 |
| SIEMENS | 970.000 | 969.800 |
| SKFBEAR | 1655.300 | 1642.450 |
| SMITHKLC | 6426.700 | 6439.500 |
| SSI | 3.930 | 3.900 |
| STROPTICAL | 342.300 | 342.550 |
| SUNPHARMA | 561.400 | 561.750 |
| SYNDIBANK | 39.500 | 39.500 |
| Tata Communications | 565.550 | 566.350 |
| TATACHEM | 670.850 | 669.700 |
| TATAELXSI | 1380.700 | 1380.400 |
| TATAPOWER | 68.100 | 68.050 |
| TATATEA | 243.000 | 243.300 |
| TCS | 2005.050 | 2005.650 |
| TELCO | 258.250 | 258.750 |
| THERMAX | 1064.400 | 1057.650 |
| THMCOOK | 268.550 | 267.700 |
| TIPSINDIA | 81.400 | 81.750 |
| TITANIND | 858.050 | 858.750 |
| TRIGYNTECH | 124.750 | 124.750 |
| UCOBANK | 18.100 | 18.050 |
| UNICHEMLAB | 234.600 | 234.800 |
| VESUVIUS | 1274.950 | 1253.050 |
| Vguard | 203.650 | 203.700 |
| VOLTAS | 572.600 | 573.750 |
| WIPRO | 276.050 | 276.450 |
| WONDERLA | 328.650 | 330.200 |
| ZEETELE | 514.300 | 514.550 |

## ശാസ്ത്രകൗമുദി

# വെണ്ടയ്ക്ക കഴിച്ച് നേടാം അഴകും ആരോഗ്യവും



രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കാൻ കഴിവുള്ള പച്ചക്കറിയാണ് വെണ്ടയ്ക്ക. വിറ്റാമിനുകൾ, മിനറലുകൾ, ആന്റി ഓക്സിഡന്റുകൾ എന്നിവയാൽ സമ്പുഷ്ടമാണിത്. വെണ്ടയ്ക്ക ജ്യൂസ് കഴിക്കുന്നത് പ്രമേഹം നിയന്ത്രിക്കാൻ സഹായിക്കും. രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കുന്നതിലൂടെ ഹൃദയാരോഗ്യത്തിനും ഉത്തമമാണ് വെണ്ടയ്ക്ക. വെണ്ടയ്ക്കയിൽ വിറ്റാമിൻ സി ധാരാളമായി അടങ്ങിയിട്ടുണ്ട്. ഇത് ചർമ്മത്തിന്റെ ആരോഗ്യവും സൗന്ദര്യവും സംരക്ഷിക്കും. കാഴ്ചശക്തി വർദ്ധിപ്പിക്കുകയും വിളർച്ച തടയുകയും ചെയ്യും. മുടിയുടെ വളർച്ചയും ആരോഗ്യവും മെച്ചപ്പെടുത്താൻ വെണ്ടയ്ക്ക ഭക്ഷണത്തിൽ ഉൾപ്പെടുത്താം. അമിത വണ്ണം കുറയ്ക്കാനും അത്യുത്തമമാണ് വെണ്ടയ്ക്ക.

തയാമിൻ, റൈബോഫ്ലാവിൻ, വിറ്റാമിൻ കെ, സി, ഇ, നിയാസിൻ, ഫോളിക് ആസിഡ്, കാൽസ്യം, ഇരുമ്പ്, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടെ ശേഖരം വെണ്ടയ്ക്കയിലുണ്ട്. ആസിഡിന്റെ അളവ് കൂടുതലായതിനാൽ അസിഡിറ്റി ഉള്ളവരും കിഡ്നി സ്റ്റോൺ, കിഡ്നി തകരാറുകൾ എന്നിവയുള്ളവർ വെണ്ടയ്ക്ക ഉപയോഗിക്കരുത്.

Kaumudy

## കൗമുദി ടിവി

6.00 രാമായണം
6.26 am, pm ദൈവദശകം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.00 ഓമൈഗോഡ്
8.30 ന്യൂസ് ട്രാക്ക്
9.00 വൺ ഷോപ്പി
9.30 സീക്രട്ട് ഫയൽസ്
10.35 ഹരിതം സുന്ദരം
11.35 സ്വയംവരം
12.35 ഹാസ്യരസം
1.35 സ്നേക് മാസ്റ്റർ
2.35 ലേഡീസ് അവർ
3.35 താരപ്പകിട്ട്
4.35 സ്ട്രെയ്റ്റ് ലൈൻ
5.35 പുതിയ പാട്ട്
6.35 ദേവാമൃതം
7.00 ഓമൈഗോഡ്
7.35 സാൾട്ട് ആൻഡ് പെപ്പർ
9.35 ഡേ വിത്ത് എ സ്റ്റാർ




**ഡിഡി മലയാളം**

7.00 കൃഷിദർശൻ
8.00 മേഘരാഗം

**ഡിഡി കേരളം**

11.30 കൃഷിദർശൻ
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

**ഏഷ്യാനെറ്റ്**

6.15 ബെസ്റ്റ് ഓഫ് കോമഡി
6.45 പാഥേയം
7.00 ആയുഷ്മാൻ ഭവ:
7.30 പരസ്പരം
8.00 നീലക്കുയിൽ
8.30 കസ്തൂരിമാൻ

**ന്യൂസ്**

8.00 വാർത്താപ്രഭാതം
8.30 ചുറ്റുവട്ടം
12.30 നേർക്കുനേർ
2.30 ഡോ. ലൈവ്

**ഏഷ്യാനെറ്റ് പ്ലസ്**

7.30 ടെലിഷോപ്പിംഗ്
8.00 ചിരിക്കും തളിക
8.30 കോമഡി ടൈം
9.00 മാനസവീര
9.30 ദേവീ മാഹാത്മ്യം
10.00 മൗനം സമ്മതം
10.30 പ്രിയമാനസം
11.30 കോമഡി ടൈം

**ANIMAL PLANET**

08:00am Deadly Bites
09:00 Migrations
10:00 Animal Planet Exclusives
11:00 Bloodlines
12:00 Mahayudh: Battle Of Thrones
1:00 Animal Planet Exclusives
2:00 Migrations
3:00 World Of The Wild
4:00 Gangland Killers
5:00 New Life
6:00 Wild Africa: Rivers Of Life
7:00 Animal Planet Exclusives
8:00 Deadly Bites
9:00 Migrations
10:00 Lords Of The Jungle

## സിനിമ

**ഏഷ്യാനെറ്റ് hd :** 9.00 ദൃശ്യം

**ഏഷ്യാനെറ്റ് മൂവീസ് :** 7.00 ശുഭയാത്ര 10.00 കോട്ടയം കുഞ്ഞച്ചൻ 1.00 ദേവാസുരം 4.00 കളേഴ്സ് 7.00 ചെന്നൈ എക്സ്പ്രസ്

**ഏഷ്യാനെറ്റ് :** 9.00 ദൃശ്യം

**ഏഷ്യാനെറ്റ് പ്ലസ് :** 12.00 ഒരു മരുഭൂമിക്കഥ

**എസിവി :** 9.00 ദിഗ്‌വിജയം 2.00 നവാഗതർക്ക് സ്വാഗതം 9.30 ശാലിനി എന്റെ കൂട്ടുകാരി

**റോസ്ബൗൾ :** 6.00 റെഡ് വൈൻ

**ജൂക്ക്ബോക്സ് :** 6.30 അനിയത്തിപ്രാവ്

**കൈരളി:** 1.15 ഹിറ്റ്ലർ ബ്രദേഴ്സ്

**വി:** 12.30 വല്യേട്ടൻ 9.00 അലൈപായുതേ

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ആഗസ്റ്റ് 07 ചൊവ്വ)

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
ക്രമാനുഗതമായ വളർച്ച, പ്രവർത്തന വിജയം, ആത്മസംതൃപ്തി.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
ശുഭസൂചകങ്ങളായ പ്രവൃത്തികൾ. പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യും. പരിശീലനം പുനരാരംഭിക്കും.

**മിഥുനം:** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
അപര്യാപ്തതകൾ പരിഹരിക്കും.. വിദഗ്ദ്ധോപദേശം തേടും. സമയോചിതമായി ഇടപെടും.

**കർക്കടകം:** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
നഷ്ടങ്ങൾ ഒഴിവാക്കും. അസൂയാലുക്കൾ വർദ്ധിക്കും. പൊതുപ്രവർത്തനത്തിൽ പങ്കുചേരും.

**ചിങ്ങം:** *(മകം, പൂരം, ഉത്രം കാൽഭാഗം)*
ഉന്നതരുടെ സഹായം, പുതിയ ആത്മബന്ധം, വഞ്ചനയിൽപ്പെടാതെ സൂക്ഷിക്കണം.

**കന്നി:** *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതി ഭാഗം)*
അഭിപ്രായ സ്വാതന്ത്ര്യം, മറ്റുള്ളവരോട് ആദരവ് വർദ്ധിക്കും. അഭിലാഷങ്ങൾ സഫലമാകും.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
പ്രതിഭാസംഗമത്തിൽ പങ്കെടുക്കും. പദ്ധതികളിൽ വിജയം, ലക്ഷ്യപ്രാപ്തി കൈവരും.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
വിശിഷ്ട വ്യക്തികളെ പരിചയപ്പെടും, പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. സ്തുത്യർഹമായ സേവനം.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
ആത്മാഭിമാനം വർദ്ധിക്കും. വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കും. ആരോപണങ്ങൾ നിഷ്പ്രഭമാകും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
സാമ്പത്തിക സഹായം ചെയ്യും. യാത്രകൾ വേണ്ടിവരും. പരമ്പരാഗത പ്രവൃത്തികൾ ചെയ്യും.

**കുംഭം:** *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
ആരോഗ്യം തൃപ്തികരം. പരസഹായം വേണ്ടിവരും, കരാർ ജോലികൾ ഏറ്റെടുക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽ ഭാഗം, ഉത്രട്ടാതി, രേവതി).*
മുൻകോപം നിയന്ത്രിക്കണം, അർപ്പണബോധത്തോടെ പ്രവർത്തിക്കും. കൂടുതൽ ചുമതലകൾ വർദ്ധിക്കും.

- ഗോപകുമാർ ശർമ്മ